യിരം കോടി രൂപയുടെ ഒരു ഭാഗത്തിന് തെക്കേ ഇന്ത്യയിലെ തേയില റഷ്യ വാങ്ങുന്നതിന് ഒരു കരാറുണ്ടാക്കാൻ കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ കഴിയുമോ?

ശ്രീ. ഇ.കെ. നായനാർ : തീർച്ചയായും ഇന്ത്യയും റഷ്യയും തമ്മിലുള്ള കരാറിലാണ് നമുക്ക് മുമ്പ് ആനുകൂല്യമുണ്ടായിട്ടുള്ളത്. ഇപ്പോഴത്തെ നയത്തിന്റെ ഫലമായി കൂടുതൽ തകർച്ചയിലേയ്ക്ക് എത്തിയിരിക്കുകയാണ്. തീർച്ചയായിട്ടും തെക്കേ ഇന്ത്യയിലെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളെ ബാധിക്കുന്ന ഈ പ്രശ്നം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇനിയും അതിനുവേണ്ടി സമ്മർദ്ദം ചെലുത്താവുന്നതാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : കോൺഗ്രസ്സ് അനുവർത്തിച്ച സാമ്പത്തിക നയത്തിന്റെ ഫലമായിട്ടാണ് ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവുമല്ലാം ഇവിടെ ആരംഭിച്ചതെങ്കിലും കോൺഗ്രസ്സിലെ ഒരു വിഭാഗം ഈ നിലപാടിനെതിരായി ഇപ്പോഴും ഈ അസംബ്ലിയിൽ പറഞ്ഞുവരുന്ന പശ്ചാത്തലത്തിൽ കേരളത്തിന്റെ ഉൾപ്പെടെയുള്ള താൽപ്പര്യം സംരക്ഷിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള നേതാക്കൾ പാർലമെന്റിന്റെ മുമ്പിൽ നടത്തിയതുപോലുള്ള ഒരു സമരം കേരളത്തിന്റെ താൽപ്പര്യം ഉയർത്തിപ്പിടിച്ച് നടത്തുന്നതിന് ബഹു. മുഖ്യമന്ത്രി നേതൃത്വം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : നേതൃത്വം കൊടുത്താൽ പോര. പ്രതിപക്ഷത്തിന്റെ സഹകരണം വേണം. നേതൃത്വം കൊടുത്താൽ പോര, ഭാഗികമായി പോരല്ലോ. നമ്മൾ ഭക്ഷ്യധാന്യത്തെ സംബന്ധിച്ച ഏപ്രിൽ 18-ന് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ഈ കാര്യത്തിലും ശക്തമായ, യോജിച്ച, സമ്മർദ്ദം ചെലുത്തേണ്ടതാവശ്യമാണ്. എല്ലാവരും യോജിക്കുകയാണെങ്കിൽ തീർച്ചയായിട്ടും അതിന് ഈ ഗവൺമെന്റ് തയ്യാറാണ്.

സ്പോർട്ട്സ് വികസനം

4 (*155)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറിപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സ്പോർട്ട്സ് വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ സ്പോർട്ട്സ് നിയമം എപ്പോൾ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സ്പോർട്ട്സ് രംഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നവീനമായ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ,

(എ) ഉണ്ട്. 7.6.2000-ാം തീയതി സ്പോർട്ട്സ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന യുവജനക്ഷേമ വിദഗ്ധ സമിതി അംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സ്പോർട്ട്സ് യുവജനകാര്യമന്ത്രി ശ്രീ. സുഖ്ദേവ് സിംഗ് ധിൻസയെ കാണുകയും കേരളത്തിന്റെ സമഗ്ര സ്പോർട്ട്സ് വികസനം ലക്ഷ്യമാക്കി ക്കൊണ്ടുള്ള ഒരു രൂപരേഖ സമർപ്പിക്കുകയുണ്ടായി. ഇതിൽ പ്രധാനമായും കേരളത്തിൽ സ്പോർട്ട്സ് ബിൽ പ്രാബല്യത്തിൽ വരുന്നതിനോടനുബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാക്കേണ്ട സഹായങ്ങളെപ്പറ്റിയുള്ള ആവശ്യ ങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ സ്പോർട്ട്സ് വികസനം ലക്ഷ്യമാക്കി സംസ്ഥാനത്തുടനീളം അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്ന തുൾപ്പെടെയുള്ള വിവിധതരം കേന്ദ്രാവിഷ്കൃത പദ്ധതികളെ കേന്ദ്രസർക്കാർ പിന്തുണയ്ക്കണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്.

(ബി) സ്പോർട്ട്സ് ബിൽ നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ അവ തരിപ്പിച്ച് അംഗീകാരം നേടിയതിനുശേഷം മറ്റു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി)&(ഡി) ഉണ്ട്. സ്പോർട്ട്സ് രംഗത്തിന്റെ സമഗ്രവികസനം ലക്ഷ്യ മാക്കി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) സംസ്ഥാനത്തെ കൂടുതൽ ജനവിഭാഗങ്ങളെ കായിക പരിപാടികളിൽ പങ്കെടുപ്പിക്കുവാനും അതിലേക്കായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനുമായി കേന്ദ്രാ വിഷ്ക്കൃത പദ്ധതിപ്രകാരം സംസ്ഥാനത്തുടനീളം കളിസ്ഥ ലങ്ങൾ നിർമ്മിക്കുവാൻ ധനസഹായം നൽകിവരുന്നു.

(2) സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അഞ്ചു കേന്ദ്ര ങ്ങളായ ആലപ്പുഴ വാട്ടർ സ്പോർട്ട്സ് കേന്ദ്രം, കൊല്ലത്തും തൃശ്ശൂരും പ്രവർത്തിച്ചുവരുന്ന സ്പോർട്ട്സ് പ്രോജക്ട് ഡെവലപ്മെന്റ് ഏരിയാ കേന്ദ്രങ്ങൾ, തലശ്ശേരി ജിംനാസ്റ്റിക്സ് സെന്റർ, കോഴിക്കോട് സ്പോർട്ട്സ് ഹോസ്റ്റൽ എന്നിവിടങ്ങളിൽ കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകിവരുന്നു.

(3) മികച്ച പട്ടികജാതി-പട്ടികവർഗ്ഗ കായിക താരങ്ങളെ കണ്ടെത്തി അവരെ സംസ്ഥാനതല പരിശീലന ക്യാമ്പുക ളിൽ എത്തിച്ച് അതിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 15 ആൺകുട്ടികൾക്കും 15 പെൺകുട്ടികൾക്കും തിരുവനന്തപു രത്തു പ്രവർത്തിക്കുന്ന പ്രീമെട്രിക് സ്പോർട്ട്സ് ഹോസ്റ്റലി ലേയ്ക്ക് പ്രവേശനം നൽകിവരുന്നു.

(4) സ്പോർട്ട്സ്രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാ ക്കുന്നതിനായി കേന്ദ്രാവിഷ്ക്കൃത പദ്ധതിയിൽപ്പെടുത്തി വിവിധ കായികസമുച്ചയങ്ങൾക്ക് കേരളത്തിലുടനീളം ധനസഹായം നൽകിവരുന്നു.

(5) രാജീവ്ഗാന്ധി സ്പോർട്ട്സ് മെഡിസിൻ സെന്റർ മുഖേന സ്പോർട്ട്സ് താരങ്ങൾക്ക് അത്യന്താധുനിക രീതിയിലുള്ള സൗജന്യ ചികത്സാസൗകര്യം ലഭ്യമാക്കിവരുന്നു. ഇതിന്റെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(6) സ്കൂളുകളിലും കോളേജുകളിലുമുള്ള കുട്ടികളുടെ കായി കമായ കഴിവുകളുടെ പരിപോഷണം ലക്ഷ്യമാക്കി

LIBRARY ARCHIVES Kerala Legislative Assembly

തായ്കൊണ്ടോ എന്ന ആയോധനകല പരിശീലിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(7) സംസ്ഥാനമൊട്ടാകെയുള്ള ഹൈസ്കൂളുകളിലെ പത്തു മുതൽ പതിനേഴു വയസ്സുവരെയുള്ള കുട്ടികൾക്കായി കായികക്ഷമതാ പദ്ധതി നടപ്പിലാക്കിവരുന്നു.

(8) ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ച മികവുറ്റ സ്പോർട്ട്സ് താരങ്ങൾക്ക് പ്രോത്സാഹനമായി ധനസഹായം നൽകുന്ന ഒരു പദ്ധതിയും കായികയുവജനകാര്യ വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്.

(9) ആയോധന കലയായ കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകൾതോറും മാർഷ്യൽ ആർട്സ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. മൂന്നു സെന്ററുകളുടെ ഉദ്ഘാടനം നടന്നുകഴിഞ്ഞിട്ടുണ്ട്.

(10) കോഴിക്കോട് നീന്തൽക്കുളം, ആലപ്പുഴ ജലകായികകേന്ദ്രം എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(11) എല്ലാ ജില്ലകളിലും സെൻട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകി പ്രവർത്തിച്ചുവരുന്നു.

(12) തിരുവനന്തപുരത്തെ അന്താരാഷ്ട്ര നീന്തൽക്കുളം, മൂന്നാറിലെ ഹൈ ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(13) കോഴിക്കോട് രാജീവ്ഗാന്ധി ഇന്റർനാഷണൽ സ്പോർട്ട്സ് ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം അടുത്ത ദിവസമാണ് ആരംഭിച്ചിട്ടുള്ളത്.

<u>ശ്രീ. തോമസ് ചാഴികാടൻ</u> : സർ, ബഹു. മന്ത്രിയുടെ വലിയ മറുപടിയിൽ 3-ാം പേജിൽ എട്ടാമതായി പറഞ്ഞിരിക്കുന്നത് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിക്കുന്ന മികവുറ്റ സ്പോർട്ട്സ് താരങ്ങൾക്ക് പ്രോത്സാഹനമായി ധനസഹായം നൽകുന്നുണ്ടെന്നാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ വൻതുകകൾ പ്രോത്സാഹനമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഉദാഹരണത്തിന് കഴിഞ്ഞ ദിവസം ഹരിയാന, ഒളിംപിക്സിൽ സ്വർണ്ണമെഡൽ നേടുന്ന വിജയിക്ക് ഒരു കോടി രൂപയും വെള്ളി മെഡൽ നേടുന്നവർക്ക് 50 ലക്ഷം രൂപയും ഓട് മെഡൽ നേടുന്നവർക്ക് 25 ലക്ഷം രൂപയും അതുപോലെ മറ്റു മത്സരങ്ങളിൽ പങ്കെടുക്കുന്ന വിജയികൾക്ക് വലിയ തുകകളും സമ്മാനമായി നൽകുന്ന പ്രോത്സാഹനം പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്ത് പ്രോത്സാഹനം കൊടുക്കുന്നത് എന്തു തുകയാണ്; അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ശ്രീ. വി.സി. കബീർ</u> : തുകകളുടെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ കയ്യിൽ ഇല്ല. പക്ഷേ ഹരിയാനയുടെ വാർത്ത ഞാനും റേഡിയോയിൽക്കൂടി കേട്ടു. ഹരിയാന എന്തർത്ഥത്തിലാണ് ഇത്രയും വലിയ തുക-ഒരു കോടി രൂപയൊക്കെയാണ്-ഓരോരുത്തർക്കും പ്രഖ്യാപിച്ചിരിക്കുന്നത്, നമുക്ക് അത്രയൊക്കെ പ്രഖ്യാപിക്കാൻ കഴിയുമോ എന്ന് അറിയില്ല. നമ്മുടെ സാമ്പത്തിക പരിമിതികൾക്കകത്തുനിന്നുകൊണ്ട് മികവുറ്റ സമ്മാനങ്ങൾ കൊടുക്കുന്നതിന് ഗവൺമെന്റിന് മടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ : സ്പോർട്ട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം ബഹു. മന്ത്രി ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് മൂന്നു സ്പോർട്ട്സ് സ്കൂളുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നു. കോട്ടയത്ത് മെഡിക്കൽ കോളേജിനോട് ചേർന്ന് ഏറ്റുമാനൂർ കോൺസ്റ്റിറ്റ്യുവൻസിയിൽ ഒരു സ്പോർട്ട്സ് സ്കൂൾ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾവരെ പൂർത്തിയായതാണ്. അതുപോലെതന്നെ പാലക്കാട് ജില്ലയിൽ ആലത്തൂർ, മലപ്പുറം ജില്ലയിൽ വണ്ടൂർ ഈ മൂന്നു സ്പോർട്ട്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നതാണ്. ആ സ്കൂൾ മാനേജ് ചെയ്യുന്നത് ആരായിരിക്കണമെന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ ആ മൂന്നു സ്കൂളുകളും ഇതേവരെ ആരംഭിച്ചിട്ടില്ല. നേരത്തെ തീരുമാനമെടുത്തിരുന്ന മൂന്നു സ്പോർട്ട്സ് സ്കൂളുകൾ ഉടനെ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : അതിന്റെ അവകാശത്തർക്കം കൊണ്ടല്ല. സാമ്പത്തികമായ പരിമിതികൾക്കകത്തുനിന്നുകൊണ്ടാണ് സ്പോർട്ട്സ് ഡിപ്പാർട്ടുമെന്റ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. അതാര് കൈകാര്യം ചെയ്താലും പണമനുവദിക്കാനുള്ള ബുദ്ധിമുട്ടുകളുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള മൂന്നു സ്ഥാപനങ്ങളും ആരംഭിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സ്പോർട്ട്സ് വികസനത്തിനുവേണ്ടി ഗ്രാമങ്ങളിലും നഗരങ്ങളിലും ധാരാളം സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടെന്ന് മറുപടിയിൽ സൂചിപ്പിച്ചു. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗ്രാമങ്ങളിൽ ഇന്ന് വളരെയേറെ ബുദ്ധിമുട്ടുണ്ട്. നാടൻ പന്തുകളി പണ്ട് ഗ്രാമങ്ങളിലെ പ്രധാനപ്പെട്ട ഒരു കളി ആയിരുന്നു. ആ നാടൻ പന്തുകളി നടത്താൻ നൂറും നൂറ്റിയൻപത് അടി നീളമുള്ള കളിസ്ഥലവും പന്തുകളും വേണം. അത്രയും ഭൂമി ഇപ്പോൾ കിട്ടാൻ വിഷമമായതുകൊണ്ട് അത് വളരെ വേഗത്തിൽ നമ്മുടെ നാട്ടിൽനിന്നും മറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി.സി. കബീർ : ബഹുമാനപ്പെട്ട കുറുപ്പു സാർ ചോദിച്ച ചോദ്യം എനിക്കും ഇഷ്ടമുള്ളതാണ്. പന്തുകളി, ഓലപ്പന്തുകളി, കുട്ടിയുംകോലും കളി ഇതൊക്കെ നമുക്കെല്ലാംതന്നെ താൽപ്പര്യമുള്ളതുതന്നെയാണ്.

മി. സ്പീക്കർ : ഇപ്പോൾ ഇതിനൊന്നും സമയം കിട്ടാനില്ല.

ശ്രീ. വി.സി. കബീർ : ഇപ്പോൾ ഇതിനൊന്നും സമയം കിട്ടാനില്ല. സ്ഥലപരിമിതി വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ നാട്ടിൽ കളിക്കളങ്ങൾക്ക് സ്ഥലം കുറഞ്ഞുവരികയാണ്. ആ ഒരു ബുദ്ധിമുട്ട് പരിഗണിച്ചുകൊണ്ട് തന്നെയാണ്, ഒരു പഞ്ചായത്തിൽ പ്ലേ ഗ്രൗണ്ട് എന്ന നിലയിൽ സ്കൂളുകളിലെ പ്ലേ ഗ്രൗണ്ട് നേരെയാക്കുന്നതിന് സാമ്പത്തികസഹായം നൽകുന്നുണ്ട്. പഞ്ചായത്തുകൾ മുന്നോട്ടുവന്നാൽ അവർക്ക് ഒരു ലക്ഷം രൂപ കൊടുക്കുന്നുണ്ട്. പഞ്ചായത്തുകൾ കളിക്കളം രൂപപ്പെടുത്തുന്നതിനുവേണ്ടി ഒരു ലക്ഷം രൂപ സ്പോർട്ട്സ് ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നുണ്ട്. അത്തരം നിർദ്ദേശങ്ങൾ വന്നാൽ പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : ഇവിടെയെല്ലാം വിദേശ കടന്നുകയറ്റങ്ങളാണ്. ഇലക്ട്രോണിക്സ് വീഡിയോയുടെ വരവോടുകൂടി സാധാരണ കളിക

LIBRARY ARCHIVES Kerala Legislative Assembly

ളിലുള്ള കമ്പം നമ്മുടെ കുട്ടികളിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ക്രിക്കറ്റ് പോലുള്ള വിദേശ കളികൾ വന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ നമ്മുടെ നാട്ടിലെ ആളുകളുടെ ഇടയിൽ നാടൻ കളികളെപ്പറ്റി കമ്പമുണ്ടാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ ബഹു: മന്ത്രിക്കോ, സംവിധാനങ്ങൾക്കോ പറ്റുമോ?

<u>ശ്രീ. വി.സി. കബീർ</u> : ക്രിക്കറ്റിനെ സംബന്ധിച്ച് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. മാർഷ്യൽ ആർട്സ് എന്നു പറഞ്ഞുകൊണ്ട് ഒരു ഐറ്റം ഇവിടെ പറഞ്ഞിരുന്നു. കളരിപ്പയറ്റ്, ആയോധനകല ഒക്കെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി സ്പോർട്ട്സ് ഡിപ്പാർട്ടുമെന്റ് തീരുമാനിക്കുകയും എട്ടു കേന്ദ്രങ്ങൾ ഇപ്പോൾ അനുവദിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട കേന്ദ്ര സ്പോർട്ട്സ് വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ ബഹു: കുറുപ്പ് സാർ പറഞ്ഞതിന്റെ പ്രസക്തി മനസ്സിലായി. ആഗസ്റ്റ് മാസത്തിൽ ആൾ ഇന്ത്യാ ലെവലിൽ ഓരോ സംസ്ഥാനത്തേയും ആയോധന കലകളെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി കേരളം കാണിച്ച മാതൃകയിൽ അതിന്റെ ഒരു ക്യാമ്പ് (ഡിസ്പ്ലേ) തിരുവനന്തപുരത്ത് നടത്താൻ അനുമതി തന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അത് സ്പോൺസർ ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിലെ ആയോധനകലകളും മറ്റു സംസ്ഥാനങ്ങളിലെ ആയോധന കലാവിദഗ്ധൻമാരേയും ഇവിടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഓണക്കാലത്ത് വലിയൊരു മേള സംഘടിപ്പിക്കാൻ സ്പോർട്ട്സ് ഡിപ്പാർട്ടുമെന്റ് ആലോചിക്കുന്നുണ്ട്.

<u>ശ്രീ. സി.എഫ്. തോമസ്</u> : പഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വച്ച് സ്റ്റേഡിയങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി കൊടുക്കുന്നു എന്ന് പറഞ്ഞു. ഇപ്പോൾ അതിനെക്കുറിച്ചൊരു കണക്ക് നമ്മുടെ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ; ആയിരത്തോളം പഞ്ചായത്തുകൾക്കും നഗരങ്ങൾക്കും എത്ര സ്ഥലങ്ങളിൽ ഇപ്പോൾ സ്റ്റേഡിയങ്ങളായി; ഇനി എത്ര മിച്ചമുണ്ട്; സമയബന്ധിതമായി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ഗ്രാമീണ സ്റ്റേഡിയങ്ങൾ ആരംഭിക്കുന്നതിനായി ഒരു പ്രോഗ്രാം തയ്യാറാക്കുമോ?

<u>ശ്രീ. വി.സി. കബീർ</u> : മുഴുവൻ കണക്ക് എന്റെ കൈവശമില്ല. ഈ വർഷം എട്ടു പഞ്ചായത്തുകൾക്ക് ഓരോ ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഘട്ടം ഘട്ടമായി പഞ്ചായത്തുകളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. സി.എഫ്. തോമസ്</u> : നമ്മുടെ ഗവൺമെന്റും സംസ്ഥാനത്തെ സ്പോർട്ട്സ് കൗൺസിലും സ്പോർട്ട്സിന്റെ വികസനത്തിനുവേണ്ടി എന്തൊക്കെയാണ് ഇപ്പോൾ പ്രധാനമായി ചെയ്യുന്നതെന്നു വിശദീകരിക്കുമോ?

<u>ശ്രീ. വി.സി. കബീർ</u> : നമുക്കെല്ലാം അറിയുന്നതുപോലെ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള സ്പോർട്ട്സ് ബിൽ ഇന്ത്യൻ ചരിത്രത്തിൽ-ജനാധിപത്യ ചരിത്രത്തിൽ ആദ്യമായി ഒരു സംഭവമാണ്. ഈ ബില്ലിന്റെ ഫൈനൽ സിറ്റിംഗ് ഇന്ന് വൈകുന്നേരം നടക്കുകയാണ്. അടുത്ത വെള്ളിയാഴ്ചയോടുകൂടി സഭയിൽ സമർപ്പിക്കുവാൻ സാധിക്കും. ഇന്ത്യയിലൊരു സംസ്ഥാനത്തും നടക്കാത്ത ഒരു കാര്യം. കേരളം മാതൃകയായി കേരളത്തിലെ മുഴുവൻ ജനങ്ങളേയും കളികളുമായി ബന്ധിപ്പിക്കാനുള്ള ഒരു പദ്ധതിയുമായിട്ടാണ് സ്പോർട്ട്സ് ബിൽ അവതരിപ്പിക്കുന്നത്. ആ ബിൽ വരുന്നതോടുകൂടിത്തന്നെ ഇന്ത്യയിൽ സ്പോർട്ട്സ് രംഗത്ത് അഭിമാനകരമായ നേട്ടം കൈവരിക്കാനും ജനമധ്യത്തിൽ കേരളത്തിന് തലയുയർത്തി നിൽക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : ഇന്ത്യയിലെ പ്രശസ്ത കായികതാരമായ പി.ടി. ഉഷയുടെ പേരിൽ അവർതന്നെ മുൻകൈ എടുത്തുകൊണ്ടാരംഭിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ അത്ലറ്റിക് സ്കൂളായ പി.ടി. ഉഷ അത്ലറ്റിക് സ്കൂളിന് സർക്കാർ ഏതെല്ലാം രൂപത്തിലാണ് സഹായം നൽകാൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാം സഹായങ്ങളാണ് കൊടുത്തിട്ടുള്ളത്?

ശ്രീ. വി.സി. കബീർ : സർ, നമ്മുടെ അഭിമാനസ്തംഭമായ പി.ടി. ഉഷ ബഹു. മുഖ്യമന്ത്രിയേയും ഞങ്ങളെയുമെല്ലാം കാണുകയുണ്ടായി. ആദ്യമായി ഒരു പ്രൊപ്പോസലുമായി വന്നിട്ടുള്ളത് പി.ടി. ഉഷയാണ്. അവർ ആരംഭിക്കാൻ പോകുന്ന കോംപ്ലക്സിനാവശ്യമായ ഭൂമിയും, ബഹു. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പണവും അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു എന്ന സന്തോഷവിവരം അറിയിക്കട്ടെ.

ശ്രീ. പി.ജെ. ജോയി : സർ, നമ്മുടെ സ്പോർട്ട്സ് രംഗത്തെ വിജയം, ആ വിദ്യാർത്ഥികളിൽക്കൂടി കൂടുതൽ സ്പോർട്ട്സ് പരിശീലിപ്പിക്കുക എന്നുള്ളതിലാണ് അടങ്ങിയിരിക്കുന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ സ്പോർട്ട്സ് വകുപ്പും വിദ്യാഭ്യാസ വകുപ്പും രണ്ട് മന്ത്രിമാർ കൈകാര്യം ചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് ഈ രംഗത്ത് വളരെ വലുതാണെന്ന് ആരെക്കാളും കൂടുതൽ ബഹു. മന്ത്രിക്കറിയാം. അതുകൊണ്ട് ഈ സ്പോർട്ട്സ് വകുപ്പിനോടുകൂടി വിദ്യാഭ്യാസ വകുപ്പും കൂട്ടിച്ചേർത്ത് ഒരുമിച്ച് പ്രവർത്തിക്കാനുള്ള സാഹചര്യം ഒരുക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.സി. കബീർ : സർ, വകുപ്പു വിഭജനം നടത്തേണ്ടത് മന്ത്രിമാരുടെ ചുമതലയല്ല. ബഹു. മുഖ്യമന്ത്രിയുടെ ചുമതലയാണ്. അദ്ദേഹമാണ് അതിനെക്കുറിച്ച് ആലോചിക്കേണ്ടത്. ഈ ബുദ്ധിമുട്ടുകൾ അദ്ദേഹത്തെ ബോധ്യപ്പെടുത്താം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിനോദസഞ്ചാര വികസനത്തിനായുള്ള കേന്ദ്രസഹായം

5 (*153) ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വികസനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് എന്തുതുക അനുവദിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ: ഈ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly